## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: പ്രിയങ്ക.ജി, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് -ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് യോഗ പരിശീലനം നൽകുന്നതിന് അനുമതി നൽകിയും, ഫണ്ട് അനുവദിച്ചും ഉത്തരവാകുന്നു.

പരാമർശം: സഉ(സാധാ) നം.234/2022/വശിവിവ തീയ്യതി: 21/05/2022

**ഉത്തരവ് നം.WEC5/1082/2022 തീയതി: 16/07/2022**

വനിതശിശുവികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 12 മഹിളാമന്ദിരങ്ങൾ, 3 ആഫ്റ്റർ കെയർ ഹോമുകൾ, ഒരു ഷോർട്ട് സ്റ്റേ ഹോം , ഒരു റസ്ക്യൂ ഹോം എന്നിവിടങ്ങളിലെ താമസക്കാരുടെ മാനസീക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന്, ആഴ്ചയിൽ 3 ദിവസം യോഗ പരിശീലനം നടത്തുന്നതിന് തുക വിനിയോഗിക്കുന്നതിന് പരാമർശ പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ മാനസീക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തി അവരെ ഊർജ്ജ്വസ്വലരും , കർമ്മനിരതരു മാക്കുന്നതിന് ആഴ്ചയിൽ 3 ദിവസം വീതം യോഗ പരിശീലിപ്പിക്കുന്നതിനായി യോഗ പരിശീലകന്റെ സേവനം ലഭ്യമാക്കുന്നതിന്, 2022 ജൂലൈ മാസം മുതൽ 2023 ഫെബ്രുവരി മാസം വരെയുള്ള 8 മാസത്തേക്ക് പ്രതിമാസം 6000/-രൂപ നിരക്കിൽ ഒരു സ്ഥാപനത്തിന് **48,000/-രൂപ** വീതം 17 സ്ഥാപനങ്ങൾക്ക് ആകെ **8,16,000/-രൂപ (എട്ട് ലക്ഷത്തി പതിനാറായിരം രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേര് | സ്ഥാപനങ്ങളുടെ എണ്ണം | **2022-23** സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | മഹിളാമന്ദിരങ്ങൾ (ഇടുക്കി, വയനാട് ഒഴികെ) | 12 | 6000 x 8 x 12= **5,76,000/-** രൂപ |
| 2 | ആഫ്റ്റർ കെയർ ഹോം (കൊല്ലം, കോഴിക്കോട്, കണ്ണൂർ) | 3 | 6000 x 8 x 3 = **1,44,000/-**രൂപ |
| 3 | ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട് | 1 | 6000 x 8 x 1 =**48,000/-**രൂപ |
| 4 | റസ്ക്യൂ ഹോം, മലപ്പുറം | 1 | 6000 x 8 x 1 =**48,000/-**രൂപ |
| | ആകെ | **17** | **8,16,000/-**രൂപ |

ഇതിലേയ്ക്കാവശ്യമായ 8,16,000/-രൂപ (എട്ട് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

തുക വിനിയോഗിച്ച ശേഷം, ധനവിനിയോഗസർട്ടിഫിക്കറ്റ്, ചെലവ് വിവരപ്പട്ടിക എന്നിവ സ്ഥാപനസൂപ്രണ്ടുമാർ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിതശിശുവികസനഡയരക്ടർ

എല്ലാ ക്ഷേമസ്ഥാപനസൂപ്രണ്ടുമാർക്കും

പകർപ്പ്:

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് ലഭ്യമാക്കുന്നതിന്)
2. എല്ലാ ജില്ലാവനിതശിശുവികസനഓഫീസർമാർക്കും(വയനാട്, ഇടുക്കി ഒഴികെ)
3. സ്റ്റോക്ക്ഫയൽ/ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്